**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 664 — 08.08.2017 -ൽ മറുപടിക്ക്

## ഉത്തരവാദ ടൂറിസം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. രാജു എബ്രഹാം | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ഉത്തരവാദ ടൂറിസം നടപ്പാക്കുന്നതിനായി എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; ഈ പദ്ധതി കൊണ്ട് സർക്കാർ ലക്ഷ്യമാക്കുന്നത് എന്താണ്; വ്യക്തമാക്കാമോ ; <br><br> ബി) ഏതൊക്കെ സ്ഥലങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത് ; ഇതുകൊണ്ട് തദ്ദേശവാസികൾക്കുണ്ടാകുന്ന പ്രയോജനങ്ങൾ എന്തൊക്കെയാണ്; വിശദീകരിക്കാമോ ; | എ) യും ബി) യും | ഉണ്ട്. ഉത്തരവാദിത്ത ടൂറിസം 2008 മുതൽ സംസ്ഥാന ടൂറിസം നടപ്പാക്കി വരുന്നു. കുമരകം, തേക്കടി, വൈത്തിരി, അമ്പലവയൽ, കുമ്പളങ്ങി, ബേക്കൽ, കോവളം എന്നിങ്ങനെ 7 കേന്ദ്രങ്ങളിലാണ് ഇപ്പോൾ പദ്ധതി നടപ്പാക്കിയിരിക്കുന്നത്. ഉത്തരവാദിത്ത ടൂറിസം മിഷൻ നിലവിൽ വന്നതോടെ പദ്ധതി ഉടൻതന്നെ സംസ്ഥാനത്ത് പൂർണ്ണമായി നടപ്പാക്കപ്പെടും. ടൂറിസം മേഖലയിൽ സാമൂഹികം, സാമ്പത്തികം, പാരിസ്ഥിതികം എന്നിങ്ങനെ മൂന്ന് തലങ്ങളിൽ ഇടപെട്ടുകൊണ്ടാണ് ഉത്തരവാദിത്ത ടൂറിസം നടപ്പാക്കുന്നത്. ടൂറിസം കൊണ്ടുള്ള വരുമാനം പ്രാദേശിക സമൂഹത്തിന് നിയമവിധേയ മാർഗ്ഗങ്ങളിലൂടെ ലഭ്യമാക്കാനും ടൂറിസം വികസനത്തെ ഗ്രാമീണ വികസനം, പ്രാദേശിക സാമ്പത്തിക വികസനം, ദാരിദ്ര്യ ലഘൂകരണം, സ്ത്രീശാക്തീകരണം എന്നിവയ്ക്ക് ഉപയുക്തമാക്കാനും സാമ്പത്തിക ഉത്തരവാദിത്ത ടൂറിസം ലക്ഷ്യമിടുന്നു. ഗ്രാമീണമേഖലയിൽ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്. പരമ്പരാഗത തൊഴിൽ, കല, സംസ്കാരം എന്നിവയെ ടൂറിസത്തിലൂടെ സംരക്ഷിക്കുവാനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ സാമൂഹിക ഉത്തരവാദിത്തം ലക്ഷ്യമിടുന്നു. പരിസ്ഥിതിക്ക് ഹാനികരമല്ലാത്ത പ്രവർത്തനങ്ങളിലൂടെ ടൂറിസം വികസിപ്പിക്കുക എന്ന ലക്ഷ്യത്തിലൂന്നിയാണ് പാരിസ്ഥിതിക ഉത്തരവാദിത്ത ടൂറിസം മേഖല പ്രവർത്തിക്കുന്നത്. <br><br> ടൂറിസം മേഖലയിൽ നിന്നും പരമാവധി തൊഴിൽ പ്രത്യക്ഷ-പരോക്ഷ മാർഗ്ഗങ്ങളിലൂടെ പ്രാദേശിക ജനസമൂഹത്തിന് ലഭ്യമാക്കുക എന്നതും ടൂറിസം വികസനത്തിലൂടെയുള്ള വരുമാനം തദ്ദേശവാസികൾ പ്രത്യേകിച്ച് കർഷകർ, കുടുംബശ്രീ പ്രവർത്തകർ, വനിതകൾ, കരകൗശല വസ്തു ഉൽപ്പാദകർ, പരമ്പരാഗത തൊഴിലാളികൾ, കലാകാരന്മാർ എന്നിങ്ങനെ വിവിധ മേഖലയിൽ പ്രവർത്തി |

ക്കുന്നവർക്ക് പരമാവധി ലഭ്യമാക്കുക എന്നതാണ് ഉത്തര വാദിത്വ ടൂറിസത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. തദ്ദേശ വാസികൾക്ക് അപ്രാപ്യമായ ടൂറിസം മേഖലയിൽ നിന്നുള്ള വരുമാനം അവർക്ക് ലഭ്യമാകുന്നു എന്നതാണ് തദ്ദേശവാസി കളുടെ പ്രധാന നേട്ടം. തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾക്ക് ടൂറിസം മേഖലയിൽ ഇടപെടാൻ ആകുന്നതും തദ്ദേശവാസികൾക്കുണ്ടാകുന്ന പ്രധാന നേട്ടങ്ങളിലൊ ന്നാണ്.

| | |
|---|---|
| സി) കൂടുതൽ സ്ഥലങ്ങളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കു വാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും തദ്ദേശ വാസികളുടെയും സഹകരണം ഉറപ്പാക്കുവാനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ? | സി) ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചുകൊണ്ട് കേരളത്തിലുടനീളം ഈ പദ്ധതി വ്യാപിപ്പിക്കുവാൻ തീരുമാനി ക്കുകയും ഉത്തരവാദിത്വ ടൂറിസം മിഷൻ നിലവിൽ വരികയും ചെയ്തിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസം വ്യാപിപ്പിക്കുന്ന തിനായി എല്ലാ ജില്ലകളിലും ജില്ലാതല അവബോധ ശിൽപ്പശാലകൾ ഉത്തരവാദിത്ത ടൂറിസം മിഷനിലൂടെ സംഘടിപ്പിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും പ്രാദേശിക ടൂറിസം സംരംഭകർക്കും വേണ്ടിയാണ് ഈ ശിൽപ്പശാലകൾ നടത്തുന്നത്. പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ, നിർവ്വഹണരീതി, പദ്ധതി കൊണ്ട് ഉണ്ടാകുന്ന ഗുണഫലങ്ങൾ എന്നിവ ഈ ശിൽപ്പശാലകളിലൂടെ ഗുണഭോക്താക്കളിൽ എത്തിക്കുക യാണ് ലക്ഷ്യം. ഇതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും തദ്ദേശവാസികൾക്കും ബന്ധപ്പെട്ട സ്റ്റേക്ക് ഹോൾഡർമാർക്കും മിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പങ്കാളികളാകാം. പ്രാദേശിക പങ്കാ ളിത്ത ആസൂത്രണ പരിപാടികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും തദ്ദേശ വാസികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ